**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(ജൂൺ 29 – ജൂലായ് 06 , 2018)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2018 – 27** **Dt. 28.06.2018**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

നെല്ലിന് ചിനപ്പു പൊട്ടുന്ന പരുവത്തിൽ ഓലചുരിട്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനു പ്രതിവിധിയായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. ജലലഭ്യതയനുസരിച്ച് നെൽപാടങ്ങളിൽ മേൽ വളം ചേർക്കാം. ഇനങ്ങളുടെ മൂപ്പനുസരിച്ച് ശുപാർശ ചെയ്തിട്ടുള്ള തോതിൽ വളം ചേർക്കാൻ ശ്രദ്ധിക്കണം. നെല്ലിലുണ്ടാകുന്ന രോഗങ്ങൾക്കെതിരെ ഒരു കിലോഗ്രാം സ്യൂഡമോണാസ് ബാക്ടീരിയപ്പൊടി 20 കിലോഗ്രാം ഉണങ്ങിയ ചാണക പ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് മണ്ണിൽ ഇട്ടു കൊടുക്കണം.

മഴക്കാലത്ത് ഇഞ്ചിയെ ബാധിക്കുന്ന ഒരു രോഗമാണ് പച്ചവാട്ടം. ഇതിനെതിരെ കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുകയും തടങ്ങളിൽ രോഗബാധ കണ്ടാലുടൻ രോഗബാധിതമായ ചെടികൾ അവയുടെ ചുവട്ടിലെ മണ്ണോടെ പിഴുത് മാറ്റണം. ഇതിന് ശേഷം വാരങ്ങളിൽ കുമ്മായം വിതറണം. ഒരാഴ്ച്ച കഴിഞ്ഞ് 1 കിലോഗ്രാം സ്യൂഡമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോഗ്രാം മണലുമായി ചേർത്ത് വാരങ്ങളിൽ ഇട്ടു കൊടുക്കേണ്ടതാണ്.

തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണത്തിന് പ്രതിരോധ നടപടിയായി ഇമിഡോ ക്ലോപ്രിഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ചു കൊടുക്കുക. തെങ്ങിൻ തോപ്പുകളിൽ ഇപ്പോൾ തടമെടുത്ത് ജൈവവളം ഉദ്ദേശം 25 കിലോഗ്രാം (ചാണകവും പച്ചിലയും കമ്പോസ്റ്റും) ചേർക്കാവുന്നതാണ്. രണ്ട് മീറ്റർ അർദ്ധവ്യാസ ത്തിലും ഏകദേശം ഒരടി താഴ്ച്ചയിലും തടമെടുക്കണം.

തുടർച്ചയായ മഴയും, വെള്ളക്കെട്ടും മൂലം പയറിൽ ഫ്യൂസേറിയം മൂലമുള്ള വാട്ടരോഗം കാണാൻ ഇടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ 2 മി.ലി കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്കവിധം 15 ദിവസം ഇട്ടവിട്ട് മാറി മാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പറിച്ചു മാറ്റി നശിപ്പിക്കുകയും തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ്ങ് പൗഡർ ചേർക്കേണ്ടതുമാണ്.

നീർവാർച്ച കുറഞ്ഞ സ്ഥലങ്ങളിൽ പൈനാപ്പിളിന് കുമിൾ ബാധ മൂലം വേരു ചീയലും തണ്ടു ചീയലും കണ്ടു വരുന്നു. രോഗം ബാധിച്ച ചെടിയുടെ മദ്ധ്യ ഭാഗത്തുള്ള ഇലകൾ എളുപ്പത്തിൽ ഊരിപ്പോരുന്നതും അവയുടെ കടഭാഗം അഴുകി ദുർഗന്ധം വമിക്കുന്നതുമാണ് പ്രധാന ലക്ഷണങ്ങൾ. സ്യൂഡമോണാസ് എന്ന ബാക്ടീരി യപ്പൊടി മണ്ണിൽ ചേർത്തു കൊടുക്കുന്നതു വഴി രോഗം വരുന്നത് തടയാം. ഇതോടൊപ്പം വേരിൽ മീലിമുട്ടകളും കാണുന്നുണ്ട്. വെർട്ടിസീലിയം എന്ന ജീവാണു 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വേരുഭാഗത്ത് ഒഴിച്ചു കൊടുത്ത് ഇവയെ നിയന്ത്രിക്കാം.

ഓണത്തിന് കുല വെട്ടുന്നതിനായി നട്ടിട്ടുള്ള വാഴയുടെ കുലകൾ പൊതിഞ്ഞു കെട്ടേണ്ടതാണ്. പക്ഷികളുടെ ഉപദ്രവം ഒഴിവാക്കുന്നതിനും നല്ല തുടമുള്ള ആകർഷക മായ കായ്കൾ കിട്ടുന്നതിനും ഇത് സഹായിക്കും.

<u>കാലാവസ്ഥ</u>

കേരള കാർഷിക സർവ്വകലാശാലയുടെ കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗം, അടുത്ത ആഴ്ച കേരളത്തിൽ ശരാശരിയിൽ കുറവ് മഴയേ ലഭിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു.

## അറിയിപ്പ്

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ജൈവ കീടനാശിനികൾ (സ്യൂഡമോണാസ്, വെർട്ടിസീലിയം, ബ്യുവേറിയ, മെറ്റാറേസിയം, ട്രൈക്കോഡെർമ) ചെറിയ പായ്ക്കറ്റുകളിലാക്കി വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0487-2370773, 8086405476
2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487-2370773
3. മഞ്ഞളിന്റെ മുന്തിയ ഇനങ്ങളായ സോന , ശോഭ, പ്രതിഭ എന്നിവയുടെ നടീൽ വസ്തുക്കൾ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ ലഭ്യമാണ്. ബന്ധപ്പെടേണ്ട നമ്പർ - **9495739065.**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ തേനീച്ച വളർത്തൽ എന്ന വിഷയത്തിൽ **ജൂലായ് 9, 10 എന്നീ** തിയ്യതികളിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **1000/-** രൂപ രജിസ്ട്രേഷൻ ഫീസോടെയുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484 - 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റിലെ കമ്യൂണിക്കേഷൻ സെന്ററിന്റെ പ്രതിമാസ കർഷക സമ്പർക്കപരിപാടിയായ മുഖാമുഖത്തിന്റ (Monthly Agro clinic Farm Advisory Conclave) ജൂൺ മാസത്തെ **കാർഷിക ക്ലിനിക്കുകൾ 29-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10.00 മുതൽ വൈകിട്ട് 4.00 വരെ കമ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് നടത്തുന്നതാണ്.** രാവിലെ 10.00 മുതൽ വൈകുന്നേരം 3.30 മണിവരെ പ്രവർത്തിക്കുന്ന ഈ ക്ലിനിക്കിൽ കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി നിരവധി കൺസൾട്ടൻസി കൗണ്ടറുകൾ പ്രവർത്തിക്കും. വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള ശാസ്ത്രജ്ഞരുടെ ഒരു പാനൽ കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകും. താല്പ

ര്യമുള്ള കർഷകർക്ക് മുൻകൂട്ടി 0487 – 2370773 / 9447789728 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യുകയോ അന്നേ ദിവസം നേരിട്ട് വരികയോ ചെയ്യാം.

**ഒപ്പ്**
**പ്രൊഫസർ & ഹെഡ്**
**കമ്മ്യൂണിക്കേഷൻ സെന്റർ**